പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1799 — 05.02.2019-ലെ മറുപടിക്ക്

## ഹർത്താലിൽ തകർക്കപ്പെട്ട കെ.എസ്.ആർ.ടി.സി ബസ്സുകൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2019 ജനുവരി 3 ലെ ഹർത്താലിനോടനുബന്ധിച്ച് ജനുവരി 2, 3 തീയതികളിലായി എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ തകർക്കപ്പെട്ടു; അതിലൂടെ എത്ര തുകയുടെ നാശനഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമണങ്ങളോടനുബന്ധിച്ച് കോർപ്പറേഷന്റെ 102 ബസ്സുകൾക്ക് നേരെ ആക്രമണം ഉണ്ടാകുകയും കോർപ്പറേഷന് 3,35,00,000/- രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടി തുക ഈടാക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസിന് 10/01/2019-ൽ LA1/34544/18/WP(C)നമ്പർ പ്രകാരം കെ.എസ്.ആർ.ടി.സി കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എത്ര കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും യാത്രക്കാർക്കുമെതിരെ ആക്രമണമുണ്ടായി; എത്രപേർക്ക് പരുക്കുപറ്റി; ഇവർക്ക് എന്ത് സഹായം ലഭ്യമാക്കി; വിശദാംശം നൽകുമോ; | (ബി) | വിവിധ അനിഷ്ട സംഭവങ്ങളിലായി 14 ജീവനക്കാർക്കും, ഒരു യാത്രക്കാരിക്കും പരിക്ക് പറ്റിയിട്ടുണ്ട്. പരിക്കേറ്റ ആളുകൾക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ യാത്രാക്ലേശം പരിഗണിച്ച് തകർന്ന ബസ്സുകൾ നിരത്തിലിറക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | (സി) | തകർന്ന ബസ്സുകൾ എല്ലാം കഴിവതും പണി പൂർത്തീകരിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**